QP CODE: 24038620

24038620

Reg No : .....................

Name : .....................

# B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, OCTOBER 2024

## Fifth Semester

## CORE COURSE - ML5CRT07 - CHERUKADHA,NOVEL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

3CD19AA4

Time: 3 Hours Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

### Part A

*Answer any **ten** questions.*

*Each question carries **2** marks.*

1. 'ഉളി പിടിച്ച കയ്യ് ' എന്ന കഥയിൽ വെളിപ്പെടുന്ന സാമൂഹിക പശ്ചാത്തലമെന്ത് ?
2. രാജമ്മയുടെ ജീവിതത്തെ മാറാലകൾ എങ്ങനെയെല്ലാമാണ് സ്വാധീനിക്കുന്നത്. ?
3. കുറിപ്പെഴുതുക- കോവിലൻ.
4. വി. കെ. എൻ കഥകളുടെ സവിശേഷതകൾ എന്തെല്ലാം ?
5. കഥാപാത്രനിരൂപണം ചെയ്യുക- ഓപ്പോൾ.
6. സ്നേഹത്തിന്റെ അർത്ഥതലങ്ങൾ മാധവിക്കുട്ടി അവതരിപ്പിക്കുന്നതെങ്ങനെ ?
7. ഓർമ്മ എന്ന കഥയിലെ നായകന് സംഭവിച്ച ഓർമ്മക്കുറവിന്റെ തുടക്കം എവിടെനിന്നായിരുന്നു.?
8. സക്കറിയായുടെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം ?
9. ദിനോസറിന്റെ കുട്ടി എന്ന കഥയുടെ ആഖ്യാനശൈലി എപ്രകാരമാണ്.?

10. പ്രേതഭാഷണം എന്ന കഥയുടെ ഭാഷാശൈലി എപ്രകാരമാണ്.?

11. ഉട്ടോപ്യ എന്ന കഥയിലെ മാന്ത്രികവനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

12. "നിങ്ങൾക്ക് വേറെ മുറി, വേറെ പാത്രം"- ആര് ആരോട് പറഞ്ഞു .

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. "ജാതിയെന്നത് ഇവർക്കില്ല. ലോകത്തു കാണുന്ന സകല തൊഴിലും ഇവരെ സായിപ്പന്മാര് ശീലിപ്പിച്ചിട്ടുണ്ട്"- ഇങ്ങനെ പറയാനിടയാക്കിയ സാമൂഹ്യഅന്തരീക്ഷമെന്ത് ?

14. വാമൊഴി വഴക്കങ്ങളുടെ സൗന്ദര്യം 'ഖസാക്കിന്റെ ഇതിഹാസ'ത്തിന്റെ ഘടനയെ സ്വാധീനിച്ചിരിക്കുന്നതെങ്ങനെ?

15. പ്രണയത്തിന്റെ പെൺകർതൃത്വത്തെക്കുറിച്ചുള്ള വ്യത്യസ്ത നിരീക്ഷണങ്ങൾ മിണ്ടാപ്പെണ്ണിൽ കടന്നുവരുന്നു- പരിശോധിക്കുക.

16. പരസ്യങ്ങളിൽ മറഞ്ഞിരിക്കുന്ന ചതിക്കുഴികൾ മറ നീക്കി പുറത്തു കൊണ്ടുവരാൻ പി . സുരേന്ദ്രൻ ശ്രമിക്കുന്നുണ്ട്- വിശദീകരിക്കുക.

17. ചങ്ങമ്പുഴയുടെ' രമണൻ' എന്ന കാവ്യത്തിന്റെ സ്ത്രീപക്ഷവായനയാണോ 'രമണി'- വിലയിരുത്തുക.

18. കുഞ്ചുനായരുടെയും കുഞ്ഞിക്കാവിന്റെയും സൗഹൃദത്തിന്റെ വ്യത്യസ്ത തലങ്ങൾ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ.?

19. "അച്ഛനിപ്പോഴും പുകഞ്ഞുകൊണ്ടിരിക്കയാവും"- എന്തൊക്കെയാണ് കാരണങ്ങൾ.?

20. "ദൂത് "എന്ന ശീർഷകത്തിന്റെ അർത്ഥസാദ്ധ്യതകൾ എന്തൊക്കെയെന്ന് കഥാഘടനയെ മുൻനിർത്തി വിവരിക്കുക.

21. ഇമ ഇളകാത്ത കണ്ണുകളിലെ വരൾച്ചയുടെ ശൂന്യത. ഭാവങ്ങൾ കൊഴിഞ്ഞുപോയ ശിഖരങ്ങളിൽ ചേക്കേറി ചിറകൊതുക്കിയ നിസ്സംഗത- ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്. ?

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. ഇന്ദുലേഖ എന്ന നോവലിന്റെ നവോത്ഥാനപ്രാധാന്യം വ്യക്തമാക്കുക.

23. ലൂസിയുടെ വളർച്ചയെക്കാപ്പം മരിയാപുരത്തിന്റെ വളർച്ചയും "മാറ്റാത്തി" യിൽ ആവിഷ്കൃതമാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കുക.

24. "ഒരു പുരുഷനു നല്കുവാൻ അവൾക്ക് വിശുദ്ധമായ ഒന്നുംതന്നെയില്ല. ആ ബന്ധം ഒരു ഇടപാടായിരിക്കും"- മൂന്നു തലമുറകളുടെ കാഴ്ചപ്പാടുകൾ ഹാൻഡ്ബാഗ് എന്ന കഥയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു എന്ന് വിശദീകരിക്കുക.

25. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾ ജുറാസിക് പാർക്ക് എന്ന കഥയിൽ എപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നത്. ?

(2×15=30)